ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ആവശ്യം പരിശോധിക്കുന്നതിന് വേണ്ട വിശദ വിവരങ്ങൾ നൽകാൻ നാട്ടു ചികിൽസാവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കുണ്ടറയിൽ വെറ്റിനറി പോളിക്ലിനിക്ക്

46 [80] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിൽ ഒരു വെറ്റിനറി പോളിക്ലിനിക്ക് സ്ഥാപിക്കണമെന്ന നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പേപ്പട്ടി ശല്യം ഒഴിവാക്കുവാൻ നടപടി

47 [81] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പട്ടികൾക്ക് പേയ് വിഷബാധ വരാതിരിക്കുന്നതിനുള്ള കുത്തിവയ്പ്പ് നടത്തുന്നുണ്ട്.

2. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖാന്തിരം നശിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. പേപ്പട്ടിയുടെയും മറ്റിതരമായ മൃഗങ്ങളെ ചികിൽസിക്കുന്നതിനുള്ള സൗകര്യം എല്ലാ മൃഗാശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

പേപ്പട്ടി വിഷബാധയ്ക്ക് എതിരെ പ്രതിരോധ കുത്തിവയ്പ്പ്

48 [82] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായ്ക്കൾക്ക് പേപ്പട്ടി വിഷബാധ ഏൽക്കാതിരിക്കാനുള്ള പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതെന്താണ്;

(സി) വളർത്തു നായ്ക്കൾക്ക് പേയ് വിഷബാധയ്ക്കെതിരെ കുത്തിവയ്പു നടത്തുന്നതിനാവശ്യമായ ഫലപ്രദമായ മരുന്നുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ലഭ്യമാക്കാനും അവ കേടു കൂടാതെ സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനമുണ്ടാക്കുമോ;

(ഡി) വളർത്തുനായ്ക്കളെ നിർബന്ധമായും പ്രതിരോധകുത്തിവയ്പിനു വിധേയമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റമായി സംഘടിപ്പിച്ച് വളർത്തുന്ന നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് മൃഗസംരക്ഷണ വകുപ്പ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ 37313 നായ്ക്കൾക്ക് പേയ് വിഷബാധയ്ക്കെതിരായി കുത്തിവയ്പു നടത്തിയിട്ടുണ്ട്. വളർത്തു നായ്ക്കൾക്ക് പേയ് വിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പു നടത്തുന്നതിന് എല്ലാ ജില്ലയിലും ആവശ്യമായ സംവിധാനം ഉണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ആവശ്യമുള്ളത്ര മരുന്ന് സംഭരിച്ച് സൂക്ഷിക്കുവാൻ പ്രയാസം നേരിടുന്നുണ്ട്.

(സി, ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ എല്ലാ വളർത്തു നായ്ക്കളേയും നിർബന്ധമായും കുത്തിവയ്ക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

കല്ലട ജലസേചന പദ്ധതിയുടെ ജലസംഭരണ മേഖലയിൽ നിന്നിരുന്ന തടി

49 [83] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കല്ലട ജലസേചന പദ്ധതിയുടെ ജലസംഭരണ മേഖലയിൽ നിന്നിരുന്ന തടി വെട്ടിമാറ്റാൻ കരാർ കൊടുത്തിരുന്നോ;

(ബി) കരാർ അനുസരിച്ച് തടി വെട്ടി മാറ്റുന്നതിനു മുമ്പായി ജലസംഭരണിയിൽ വെള്ളം നിറച്ചതുകാരണം ഗവൺമെന്റിന് ഈ ഇനത്തിൽ എന്തുമാത്രം നഷ്ടം സംഭവിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നിശ്ചിത സമയത്തിനുമുമ്പ് ജലസംഭരണിയിൽ വെള്ളം നിറച്ചതുകാരണം തടിവെട്ടിമാറ്റാൻ സാധിക്കാതെ പോയെന്നും ആയതിനാൽ നഷ്ടപരിഹാരം നൽകണമെന്നും കോൺട്രാക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അവസാനമായി ശേഷിച്ചിരുന്ന നിക്ഷിപ്ത വനഭാഗങ്ങൾക്കായി ഒരു കരാർ കൊടുത്തിരുന്നു.

(ബി) നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

(സി) നിശ്ചിത സമയത്തിനുമുമ്പായി ജലസംഭരണിയിൽ ജലം നിറച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. ലേലം ചെയ്തു വിറ്റ തടികൾ കരാർ കാലാവധിക്കുള്ളിൽ വെട്ടിമാറ്റാൻ സാധിക്കാതെപോയെന്നും ആയതിന് നഷ്ടപരിഹാരം നൽകണമെന്നും കോൺട്രാക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly